# KERALA STATE ELECTRICITY REGULATORY COMMISSION

KPFC BHAVANAM, C.V. RAMAN PILLAI ROAD, VELLAYAMBALAM,
THIRUVANANTHAPURAM, KERALA, PIN 695 010
Phone: 04712735544, FAX 04712735599, Website: www.erckerala.org
E-mail: kserc@erckerala.org

## പത്രക്കുറിപ്പ്

03.01.2013

2013-14 സാമ്പത്തിക വർഷം 2758 കോടി രൂപയുടെ റവന്യൂകമ്മി കാണിയ്ക്കുന്ന വരവു ചെലവ് കണക്കുകൾ (ARR&ERC) വൈദ്യുതി ബോർഡ് സംസ്ഥാന റെഗുലേറ്ററി കമ്മിഷൻ മുമ്പാകെ സമർപ്പിച്ചു. വൈദ്യുതി ഉത്പാദനത്തിന് 410 കോടി, വൈദ്യുതി വാങ്ങുന്നതിന് 6673 കോടി, ജീവനക്കാരുടെ ശമ്പളം പെൻഷൻ ഇനത്തിൽ 2551 കോടി എന്നിങ്ങനെയുള്ള ചെലവു കൾക്കായി മൊത്തം 11237 കോടി രൂപ വേണമെന്നും പ്രതീക്ഷിക്കുന്ന വരുമാനം 8478 കോടി രൂപയാണെന്നും വൈദ്യുതി ബോർഡ് അറിയിച്ചു. ഉപഭോക്താക്കളിലേക്ക് വൈദ്യുതി എത്തിക്കു ന്നതിന് യൂണിറ്റൊന്നിന് ശരാശരി 5 രൂപ 92 പൈസ ചെലവ് വരുമെന്ന് ബോർഡ് പ്രതീക്ഷി ക്കുന്നു.

2758 കോടി രൂപയുടെ റവന്യൂകമ്മി ഭാഗികമായി നികത്തുന്നതിന് 1573 കോടി രൂപ താരിഫ് വർദ്ധനവിലൂടെ സമാഹരിക്കണമെന്നും ബോർഡ് നിർദ്ദേശിക്കുന്നു. ഇതിൽ 752 കോടി ഗാർഹിക ഉപഭോക്താക്കളിൽ നിന്നാണ് പ്രതീക്ഷിക്കുന്നത്.

റെഗുലേറ്ററി കമ്മിഷൻ ബോർഡിന്റെ പെറ്റിഷൻ ഫയലിൽ സ്വീകരിച്ചു. കമ്മിഷന്റെ erckerala.org വെബ്സൈറ്റിൽ പെറ്റീഷൻ പ്രസിദ്ധീകരിച്ചിട്ടു ്.

കണക്കുകൾ സൂക്ഷ്മമായി പരിശോധിച്ചശേഷം, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പൊതു തെളിവെടുപ്പ് നടത്തി പൊതുജനങ്ങളുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ചതിനു ശേഷം മാത്രമേ കമ്മിഷൻ ബോർഡിന്റെ ആവശ്യത്തിന്മേൽ തീരുമാനങ്ങളെടുക്കുകയുള്ളൂ. ഹിയറിംഗ് തീയതികൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

Sd/-
സെക്രട്ടറി